## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2719 — 07.12.2018-ൽ മറുപടിക്ക്

## കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.യു. ആർ. പ്രദീപ് : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പോഷകസമൃദ്ധമായ ആഹാരം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി എത്ര ഊരുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; | എ) | അട്ടപ്പാടിയിൽ 192 ഊരുകളിലായി 198 സെന്ററുകളിലും വയനാട് ജില്ലയിൽ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ 45 ഊരുകളിലും കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര നേരത്തെ ഭക്ഷണമാണ് നൽകി വരുന്നത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | ബി) | ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ, മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർ, കിടപ്പുരോഗികൾ എന്നിവർക്ക് രണ്ടു നേരവും വൃദ്ധർക്ക് ഒരു നേരവും (വൈകുന്നേരം) കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി പ്രകാരം ഭക്ഷണം നൽകി വരുന്നു.<br><br>രാവിലെ ഇഡ്ഡലി, ഉപ്പുമാവ്, അവൽ, റാഗി, ദോശ, കറികൾ മുതലായവയും വൈകുന്നേരം ഊണ്, ചെറുധാന്യകറികൾ, പയർവർഗ്ഗകറികൾ, പച്ചക്കറികൾ, സോയചങ്ക്സ് കറികൾ, ഇറച്ചി മുതലായവയും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ